പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യംനമ്പർ 13 | 26-09-2011 ൽ മറുപടിയ്ക്ക്

## പുതിയ പാർപ്പിട നയം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ബെന്നി ബെഹനാൻ.<br>ശ്രീ. വി.ഡി. സതീശൻ<br>ശ്രീ. ഷാഫി പറമ്പിൽ | ശ്രീ.കെ.എം.മാണി<br>(ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പു മന്ത്രി) |

(എ) പുതിയ പാർപ്പിട നയം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(എ): ഉണ്ട്.

(ബി) എങ്കിൽ ഏതെല്ലാം കാര്യങ്ങൾക്കാണ് മുൻഗണന നൽകുന്നത് എന്ന് അറിയിക്കാമോ;

(ബി): 'സുരക്ഷിത ഭവനം പൗരന്റെ അവകാശം' എന്ന സമീപനത്തിൽ അധിഷ്ഠിതമായാണ് പുതിയ പാർപ്പിട നയം തയ്യാറാക്കിയിരിക്കുന്നത്. സംസ്ഥാനത്തെ വാസസ്ഥലങ്ങളുടെ സുസ്ഥിരമായ വികസനത്തിനും പാവപ്പെട്ടവരും പാർശ്വവൽക്കരിക്കപ്പെട്ടവരും സാമൂഹ്യ അവസരങ്ങൾ ഇല്ലാത്തവരുമായ ആളുകളുടെ പാർപ്പിട ആവശ്യങ്ങൾക്ക് പ്രത്യേക ശ്രദ്ധ നൽകിക്കൊണ്ട് എല്ലാ വിഭാഗം വരുമാനക്കാർക്കും താങ്ങാനാവുന്ന വിലയിൽ വസ്തു, കിടപ്പാടം, സേവനങ്ങൾ എന്നിവയുടെ നീതിപൂർവ്വകമായ വിതരണം ഉറപ്പാക്കുന്നതിനും പാർപ്പിടനയം മുൻഗണന നൽകുന്നു. ഭൂരഹിതർ, പട്ടികജാതി-പട്ടികവർഗ്ഗക്കാർ, മത്സ്യത്തൊഴിലാളികൾ, പരമ്പരാഗത മേഖലയിലെ തൊഴിലാളികൾ, പാവപ്പെട്ടവരിൽ പാവപ്പെട്ടവർ എന്നിവർക്ക് 'സുരക്ഷിത ഭവനം' എന്നത് ഈ പാർപ്പിട നയത്തിന്റെ മുഖ്യലക്ഷ്യമാണ്. പൊതുതാൽപര്യം ഉറപ്പുവരുത്തുന്നതിനുള്ള രക്ഷാവ്യവസ്ഥകൾ ഉൾക്കൊള്ളിച്ചുകൊണ്ട് സംസ്ഥാനത്തെ ഭവന നിർമ്മാണ മേഖലയിലെ അടിസ്ഥാന സൗകര്യ വികസന കാര്യങ്ങളിൽ പൊതു-സ്വകാര്യ-പങ്കാളിത്ത(പബ്ലിക്-പ്രൈവറ്റ്-പാർട്ണർഷിപ്പ്, പൊതു-സ്വകാര്യ-പഞ്ചായത്ത്-പങ്കാളിത്ത (പബ്ലിക്- പ്രൈവറ്റ് - പഞ്ചായത്ത്-പാർട്ണർഷിപ്പ്) വികസന

സാമ്പത്തിക മാതൃകകൾ രൂപപ്പെടുത്തുന്നതിനും പാർപ്പിട നയം മുൻഗണന നൽകുന്നു. കൂടാതെ, കേരള സ്റ്റേറ്റ് ഹൗസിംഗ് ഡവലപ്പ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ, ഹൗസിംഗ് സെക്ടർ റെഗുലേറ്ററി അതോറിറ്റി എന്നിവ സ്ഥാപിക്കുന്നതിനും ഷെൽട്ടർ ഫണ്ട്, ഹൗസിംഗ് റിസ്ക് ഫണ്ട്, ടെക്നോളജി ഇന്നവേഷൻ ഫണ്ട് എന്നിവ രൂപീകരിക്കുന്നതിനും കേരള ബിൽഡിംഗ്സ് (ലീസ് ആന്റ് റെന്റ് കൺട്രോൾ) ആക്ട്, അപ്പാർട്ട്മെന്റ് ഓണർഷിപ്പ് ആക്ട് എന്നിവ അടിയന്തിരമായി പരിഷ്ക്കരിക്കുന്നതിനും പ്രവാസി ഇന്ത്യക്കാരുടെയും പ്രവാസി കേരളീയരുടെയും പാർപ്പിട ആവശ്യങ്ങൾ നേരിടുന്നതിനുള്ള കർമ്മ പദ്ധതിക്ക് രൂപം നൽകുന്നതിനും പാർപ്പിട നയം മുൻഗണന നൽകുന്നു.

| | | | |
|---|---|---|---|
| (സി) | സംസ്ഥാനത്ത് സ്വന്തമായി പാർപ്പിടം ഇല്ലാത്ത എത്ര കുടുംബങ്ങൾ ഉണ്ടെന്നാണ് കണക്കാക്കിയിരിക്കുന്നത്; | (സി) | സംസ്ഥാനത്ത് സ്വന്തമായി പാർപ്പിടമില്ലാത്ത എത്ര കുടുംബങ്ങൾ ഉണ്ടെന്നുള്ള വിവരത്തിന് പ്രത്യേകമായി ഇപ്പോൾ സർവ്വെ നടത്തിയിട്ടില്ല. ഇ.എം.എസ്. സമ്പൂർണ്ണ ഭവന പദ്ധതിയുമായി ബന്ധപ്പെട്ട് നടത്തിയ സ്ഥിതി വിവര കണക്കെടുപ്പ് അനുസരിച്ച് 2010 വരെയുള്ള കണക്കുപ്രകാരം സംസ്ഥാനത്ത് ഏകദേശം 4.92 ലക്ഷം ഭവനരഹിതരായ കുടുംബങ്ങൾ ഉണ്ടെന്ന് കണക്കാക്കിയിട്ടുണ്ട്. |
| (ഡി) | ഇവർക്ക് വീട് നിർമ്മിച്ചു നൽകുവാൻ ഏതെല്ലാം പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുവെന്ന് അറിയിക്കാമോ; | (ഡി) | ഇപ്പോൾ നിലവിലുള്ള ഭവന നിർമ്മാണ പദ്ധതികൾക്കു പുറമേ സാമ്പത്തികമായി ദുർബ്ബലരായ ജനവിഭാഗങ്ങൾക്കുവേണ്ടി ഭവനനിർമ്മാണ വകുപ്പിന്റെ കീഴിൽ 'സാഫല്യം' എന്ന നൂതന ഭവനനിർമ്മാണ പദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. |
| (ഇ) | കുറഞ്ഞ ചെലവിൽ മെച്ചപ്പെട്ട വീടുകൾ നിർമ്മിച്ചു നൽകുന്ന ഏതെല്ലാം നൂതന സാങ്കേതിക വിദ്യകളാണ് ഈ ആവശ്യത്തിലേക്കായി ഉപയോഗിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ? | (ഇ) | ചെലവ് കുറഞ്ഞതും പരിസ്ഥിതി സൗഹാർദ്ദപരവുമായ സാങ്കേതിക വിദ്യ, പരിസ്ഥിതിക്ക് കോട്ടം തട്ടാത്ത ഹരിത സാങ്കേതിക വിദ്യ (ഗ്രീൻ ടെക്നോളജി) തുടങ്ങിയ നൂതന സാങ്കേതിക വിദ്യകൾ ഉപയോഗിച്ചുകൊണ്ടുള്ള ഭവന നിർമ്മാണ പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. |

സെക്ഷൻ ഓഫീസർ